"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് 1 ആയി സർവീസിലിരിക്കേ മരണപ്പെട്ട ബാബു ചീരക്കൊടയുടെ മകനായ ശ്രീ. ജിബിത്ത് സി. ക്ക് ആശ്രിതനിയമനപ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(കൈ) നം.44/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/05/2019

പരാമർശം:- 1. 24.05.1999 ലെ സ.ഉ.(കൈ)12/99/ഉഭപവ.

2. ശ്രീ. ജിബിത്ത് സി. സമർപ്പിച്ച 19.05.2018 ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 09.07.2018, 24.09.2018 തീയതികളിലെ ഇ2/8617/2018/സി.ഇ.എസ്./സി.ഇ./തസ്വഭവ നം. കത്തുകൾ.

4. മലപ്പുറം ജില്ലാ കളക്ടറുടെ 14.03.2019 ലെ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഓവർസിയർ ഗ്രേഡ് 1 ആയിരിക്കേ 30.06.2017 ൽ മരണപ്പെട്ട ബാബു ചീരക്കൊട - യുടെ മകനായ ശ്രീ.ജിബിത്ത് സി. ആശ്രിത നിയമന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സൂചന 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 15 വർഷവും 7 മാസവും 23 ദിവസവും ആണ്.

2.അപേക്ഷകന്റെ ജനനതീയതി 22.10.1996 ആകയാൽ ടിയാന് നിലവിൽ 22 വയസ്സുണ്ട്. ടിയാൻ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ടിയാൻ അപേക്ഷിച്ചിട്ടുള്ള ക്ലർക്ക് തസ്തികയിൽ നിയമനത്തിന് അർഹതയുണ്ട്

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും മല്പുറം ജില്ലാ കളക്ടറും യഥാക്രമം സൂചന 3,4 പ്രകാരം ശ്രീ.ജിബിത്ത് സി. യുടെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. പരേതന്റെ മറ്റ് എല്ലാ അനന്തരാവകാശികളും ശ്രീ.ജിബിത്ത് സി. ക്ക് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ.ജിബിത്ത് സി. പരേതനായ ബാബു ചീരക്കൊടയുടെ മകനാണ്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2,70,180/-(രണ്ട് ലക്ഷത്തി എഴുപതിനായിരത്ത് നൂറ്റി എൺപത്) രൂപയാണ് എന്ന് മലപ്പുറം ജില്ലാ കളക്ടർ സൂചന 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസീയർ ഗ്രേഡ് 1 തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ബാബു ചീരക്കൊടയുടെ മകനായ ശ്രീ. ജിബിത്ത് സി.-ക്ക്,

സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ മേധാവിയോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആശ്രിത നിയമന പ്രകാരം സമർപ്പിച്ച അപേക്ഷ പ്രകാരമോ തുടർന്ന് അന്വേഷണത്തിലോ , എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5.തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ എബ്രഹാം
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ശ്രീ. ജിബിൻ സി., സി.കെ.ഹൗസ്, തുറക്കൽ പി.ഒ., കൊണ്ടോട്ടി,

   മലപ്പുറം - 673 638.(രജിസ്റ്റേഡ് തപാൽ മുഖേന).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, മലപ്പുറം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ